

പരിശുദ്ധ
ദൈവമാതാവേ
ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കേണമേ

# Index


| Page | Description |
|---|---|
| 2 | Message from Vicar |
| 4 | Important days in March |
| 5 | Welcome to New Vicar |
| 6 | യാത്രയയപ്പും വരവേൽപ്പും |
| 9 | Quiz No. 1 (Answers & Winners) |
| 10 | Quiz No. 2 |
| 11 | Bible Crossword No. 3 |
| 13 | Blood Donation Campaign |
| 15 | Special Class & Prayer For Class X & XII Students |
| 16 | Moses – God Frees His People |
| 17 | 2012 List of Area Co-Ordinators |
| 19 | New Members |
| 20 | News |
| 21 | Birthday Greetings |



# Message from the Vicar

## യേശു “വിലയേറിയ രത്നം”

വിശ്വപ്രസിദ്ധ കലാകാരനായ ലിയനാർഡോ ഡാവിഞ്ചിയുടെ അന്ത്യ അത്താഴം എന്ന സുപ്രസിദ്ധ ചിത്രത്തിനു പിന്നിലെ ഒരു കഥ ഇപ്രകാരമാണ്: മിലാനിലെ ഒരു ദൈവാലയത്തിന്റെ മാർബിൾ ഭിത്തിയിൽ ക്രിസ്തുവിന്റെ അന്ത്യ അത്താഴം ചിത്രീകരിക്കുന്നതിന് ഡാവിഞ്ചിയോട് ആവശ്യപ്പെട്ടു. ദീർഘനാളത്തെ പ്രാർത്ഥനയോടും ഉപവാസത്തോടും കൂടി ആ മഹനീയ ചിത്രം വരയ്ക്കുവാൻ തുടങ്ങി. ചിത്രം പൂർത്തിയായപ്പോൾ അദ്ദേഹം തന്റെ സുഹൃത്തിനെ വിളിച്ച് അഭിപ്രായം ആരാഞ്ഞു. ആ സ്നേഹിതൻ ചിത്രത്തിൽ കുറേനേരം നോക്കിയിരുന്ന ശേഷം പറഞ്ഞു; യേശുവിന്റെ കയ്യിലിരിക്കുന്ന ആ വീഞ്ഞുപാത്രം എത്ര മനോഹരമായിരിക്കുന്നു! ഡാവിഞ്ചി പെട്ടെന്ന് തന്റെ ബ്രഷ് എടുത്ത് ചായത്തിൽ മുക്കി ആ വീഞ്ഞുപാത്രം മായിച്ചു കളഞ്ഞിട്ട് ശാന്തനായി പറഞ്ഞു യേശുവിനേക്കാൾ ആകർഷകമായി ഒന്നും ഈ ചിത്രത്തിൽ ഉണ്ടാകാൻ പാടില്ല

യേശുവിനേക്കാൾ ആകർഷകമായി നമ്മുടെ ജീവിതത്തിൽ എന്തെങ്കിലുമുണ്ടോ? ജീവിതത്തിന്റെ കേന്ദ്രസ്ഥാനമായിരിക്കേണ്ട ദൈവത്തേയും ദൈവിക മൂല്യങ്ങളേയും നിഷ്പ്രഭമാക്കുന്ന വീഞ്ഞുപാത്രങ്ങളൊക്കെ ഉടച്ചുകളയപ്പെടേണ്ടവയാണ്. നമ്മുടെ ജീവിതത്തിൽ ആർക്കാണ് പ്രാധാന്യം കൊടുക്കുന്നത് എന്നറിയാൻ, നമ്മുടെ ഹൃദയത്തിന്റെ ചായ്വ് എവിടേയ്ക്കാണെന്ന് നോക്കിയാൽ മാത്രം മതി.

ഇന്ന് എവിടെ നോക്കിയാലും പണത്തിനും, പ്രശസ്തിക്കും, പദവിക്കും വേണ്ടിയുള്ള നെട്ടോട്ടമാണ് കാണാൻ കഴിയുന്നത്. ജീവിക്കുവാൻ പണം ആവശ്യമാണ്, പക്ഷേ മനുഷ്യജീവിതം സമ്പത്തു കൊണ്ടല്ല ധന്യമാകുന്നത് എന്നത് ഒരു നേർക്കാഴ്ചയാണ്. നമ്മുടെ ജീവിതം ധനികമായാൽ പോരാ, ധന്യമാകണം; ദൈവസന്നിധിയിൽ സമ്പന്നമാകണം. ജീവിതം ധന്യമാകുന്നത് എല്ലാററിനുമുപരി ദൈവത്തെ സ്നേഹിക്കുമ്പോഴാണ് ദൈവസ്നേഹവും ദൈവസ്നേഹത്താൽ പ്രചോദിതമായ സഹോദരസ്നേഹവും ഒത്തു ചേരുമ്പോഴാണ്.

ഒരുവൻ അവനുവേണ്ടി മാത്രം ജീവിക്കുമ്പോൾ അവൻ മൃതനാണ് (ഉദാ: സക്കായി, ധൂർത്തപുത്രൻ). ദൈവത്തിനും, മററുള്ളവർക്കുമായി ജീവിക്കുമ്പോഴാണ് യഥാർത്ഥ ജീവന്റെ അവകാശികളായി തീരുന്നത്. ഈ ലോകത്തിനു അനുരൂപരാകാൻ ശ്രമിക്കാതെ, ജീവിതത്തിൽ മുഖ്യസ്ഥാനം ദൈവത്തിനും, ദൈവീകപ്രമാണങ്ങൾക്കും നൽകുവാനും നമ്മുടെ ആഗ്രഹാഭിലാഷങ്ങളെ ദൈവഹിതാനുസരണം ക്രമീകരിക്കുവാനും സാധിക്കണം. നശ്വരമായ അപ്പത്തിനു വേണ്ടിയുള്ള പ്രയാണമല്ല, അനശ്വരനായവനെ സ്വന്തമാകാനുള്ള വാഞ്ചയാണ് നമ്മുക്ക് ആവശ്യമായിരിക്കുന്നത്. രാജാവിനെക്കാണാൻ കൊട്ടാരത്തിൽ പോയ കുട്ടികളെപ്പോലെയാണ് നാം.

കൊട്ടാരത്തിലെ ഏതു വസ്തുവിൽ തൊട്ടാലും അത് അവരുടെ സ്വന്തമാകുമെന്ന് രാജാവ് വാഗ്ദാനം ചെയ്തു. ഓരോരുത്തരും ഓടി നടന്ന് ഇഷ്ടമുള്ളതെല്ലാം തൊട്ട് സ്വന്തമാക്കിയപ്പോൾ, ഒരു പിഞ്ചു കുഞ്ഞ് രാജാവിനെ തന്നെ തൊട്ട് സ്വന്തമാക്കി. രാജാവിനെ സ്വന്തമാക്കിയതിലൂടെ രാജാവിന്റേതായ സകലവും സ്വന്തമാക്കിയ ആ പിഞ്ചുകുഞ്ഞിന്റെ വിവേകം നമുക്ക് എന്നാണ് ഉദിക്കുക? ലോകത്തിലുള്ളതെല്ലാം സ്വന്തമാക്കുന്നതിനേക്കാൾ ഭാഗ്യം അനുഗ്രഹദാതാവിനെ തന്നെ സ്വന്തമാക്കുന്നതാണെന്ന് കൃപയാൽ തിരിച്ചറിഞ്ഞ നിമിഷമാണ് സക്കായി പുതിയ മനുഷ്യനായതും, അവന്റെ ഭവനത്തിൽ ജീവനുണ്ടായതും. എന്തു കൊണ്ടാണ് സക്കായി തന്റെ സ്വത്ത് ദരിദ്രർക്കു കൊടുക്കാനും നാലിരട്ടിയായി നഷ്ടപ്പെടുത്താനും തയ്യാറായത്? ഇതിനുള്ള മറുപടി വി. മത്തായി 13: 45 - 46 തിരുവചനങ്ങളിൽ കാണാം. സ്വർഗ്ഗരാജ്യം നല്ല രത്നങ്ങൾ തേടുന്ന വ്യാപാരിക്ക് തുല്യം. അവൻ വിലയേറിയ ഒരു രത്നം കണ്ടെത്തുമ്പോൾ പോയി തനിക്കുള്ളതെല്ലാം വിററ് അത് വാങ്ങുന്നു: ഏററവും വിലയേറിയത് സ്വന്തമാക്കുവാൻ, സ്വന്തമായവയെല്ലാം നഷ്ടമാക്കുക എന്നത് ബുദ്ധിമാന്മാരുടെ സ്വാഭാവിക പ്രതികരണം മാത്രമാണ്. യേശുവിന്റെ സ്നേഹത്തിനുമുന്നിൽ ഇതുവരെ നേടിയവയെല്ലാം നിഷ്പ്രഭമാണെന്ന വലിയ തിരിച്ചറിവ് സക്കായിക്ക് ഉണ്ടായി. ബെഥാന്യയിലെ മറിയം തെരഞ്ഞെടുത്ത നല്ല അംശവും കർത്താവുമായുള്ള സഖിത്വമായിരുന്നു. യേശുവിനെ ഏററവും വിലയേറിയവനായി തിരിച്ചറിഞ്ഞതിനാലാണല്ലോ ഒരു സ്ത്രീ, ഭരണി നിറയെ മുന്നൂറിൽ അധികം ദീനാറോ വിലവരുന്ന ശുദ്ധ നാർദ്ദീൻ സുഗന്ധതൈലവുമായി വന്ന് യേശുവിന്റെ ശിരസ്സിൽ ഒഴിച്ചത് (വി. മർക്കോസ് 14: 3 5).

കർത്താവിനെ സ്വന്തമാക്കാൻ കഴിയണമെങ്കിൽ, കർത്താവിന്റെ സ്വന്തമാകണമെങ്കിൽ, കർത്താവിനെക്കാളേറെ നാം സ്നേഹിക്കുന്ന എല്ലാററിനേയും, കർത്താവിൽ നിന്നും നമ്മെ അകററുന്ന സകലത്തേയും ഉപേക്ഷിക്കാൻ നാം മനസ്സാകണം, വില കൊടുക്കാൻ തയ്യാറാകണം.

സർവ്വ വിലയും കൊടുത്ത് ഈ 'വിലയേറിയ മുത്ത് കരസ്ഥമാക്കിയ മലേക്കുരിശ് ദയറായിലെ വന്ദ്യ ഫിനഹാസ് റമ്പാച്ചനുൾപ്പെടെയുള്ള ആത്മീയ പിതാക്കന്മാരോട്, തങ്ങളുടെ ആത്മീയവളർച്ചയിൽ കടപ്പെട്ടിരിക്കുന്നവർ അനേകായിരങ്ങളാണ്. മാന്യമായ ജോലി, നല്ല പ്രായത്തിൽ കർത്താവിനെപ്രതി ഉപേക്ഷിച്ച്, തന്റെ സമ്പാദ്യം മുഴുവനും കർത്താവിനായി നൽകി, മലേക്കുരിശ് ദൈവാലയാങ്കണത്തിൽ ജീവിതം ഒതുക്കി, പ്രാർത്ഥനയും, ഉപവാസവും, വചനധ്യാനവും ആയി ഒതുങ്ങിക്കൂടി, തനിക്ക് ലഭിച്ച നിധി അനേകായിരങ്ങൾക്ക് പകർന്നു കൊടുത്തുകൊണ്ട്, അനേകർക്ക് ആത്മീയഗുരുവായി, മാർഗ്ഗദർശനവും, ആശ്വാസവും പകർന്നു കൊടുക്കുന്ന പരിശുദ്ധ സഭയിലെ ജീവിക്കുന്ന അനേക വിശുദ്ധരിൽ ഒരാളായ വന്ദ്യ റമ്പാച്ചൻ, പരി. സഭയ്ക്ക് ഒരു അനുഗ്രഹമാണ്, അഭിമാനമാണ്.

പ്രിയരെ,

കൃപയാൽ ഏററവും വിലയേറിയ രത്നം കണ്ടെത്തിയവരല്ലോ നാം. നാമത് സ്വന്തമാക്കിയോ? യേശുവിൽ നിന്നും നമ്മെ അകററുന്നവയെ ഉപേക്ഷിച്ച് യേശുവിനെ സ്വന്തമാക്കാനും, ദൈവസന്നിധിയിൽ നിക്ഷേപം സ്വരൂപിക്കാനും നമുക്കാവുമോ? ദൈവസന്നിധിയിൽ നിക്ഷേപം കരുതാത്തവരോടെല്ലാം ദൈവം ചോദിച്ചുകൊണ്ടിരിക്കുന്ന ഒരു ചോദ്യമുണ്ട് ഇന്ന് രാത്രി നിന്റെ ആത്മാവിനെ നിന്നിൽ നിന്ന് ആവശ്യപ്പെട്ടാൽ നീ ഒരുക്കി വച്ചിരിക്കുന്നവ ആരുടേതാകും? ഈ ദൈവീകസ്വരം നമ്മുടെ ചിന്തകളെ ഒന്ന് അസ്വസ്ഥമാക്കിയിരുന്നെങ്കിൽ.....

*പ്രാർത്ഥന*

മോറാനേശു മിശിഹാ, വിലപിടിപ്പുള്ള രത്നത്തെ നിന്നിൽ കണ്ടെത്തിയവരാണു ഞങ്ങൾ. ഇനി ഞങ്ങൾക്കാവശ്യം നിന്നിൽ നിന്നും ഞങ്ങളെ അകററുന്നവയേയും നിന്നെക്കാൾ അധികം ഞങ്ങൾ സ്നേഹിക്കുന്നവയേയും ഉപേക്ഷിക്കുവാനുള്ള വിവേകവും ആർജ്ജവത്വവുമാണ്. അതിനുള്ള കൃപാവരം തന്ന് വലിയനോമ്പിന്റെ ഈ നാളുകളിൽ ഞങ്ങളെ നിന്റേതു മാത്രമാക്കി തീർക്കണേ.

*സ്നേഹപൂർവ്വം ബെന്നി അച്ചൻ*

## Important Days in March, 2012

14 പാതി നോമ്പ്

24 ശനിയാഴ്ച്ച വചനിപ്പ് പെരുന്നാൾ

7 മണിക്ക് സന്ധ്യാനമസ്കാരം, തുടർന്ന് വി. കുർബ്ബാന

30 നാൽപ്പതാം വെള്ളി

ഏപ്രിൽ 1 ഹോശാന ഞായർ,

വി. കുർബ്ബാന **മാർച്ച് 31 ശനിയാഴ്ച്ച** വൈകുന്നേരം 7.30




**His Grace Markose Mor Chrisostomos**

Asst. Metropolitan of the Evangelical Association of the East

ഹാശാ ആഴ്ച്ചയിലെ ശുശ്രൂഷകൾ നിർവ്വഹിക്കുവാൻ അഭിവന്ദ്യനായ മർക്കോസ് മോർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് എഴുന്നള്ളി വരുന്നതായിരിക്കും

വലിയനോമ്പ് കാലയളവിൽ വി. കുർബ്ബാന ശനിയാഴ്ച്ചകളിലായിരിക്കും. ഞായറാഴ്ച്ചകളിൽ വി.കുർബ്ബാന ഉണ്ടായിരിക്കുന്നതല്ല.

സന്ധ്യാപ്രാർത്ഥന എല്ലാ ദിവസവും വൈകുന്നേരം 7 മണി മുതൽ ആയിരിക്കും

*ആവർത്തനപുസ്തകം* **6: 10-12** 'നിന്റെ ദൈവമായ യഹോവ നിനക്ക് തരാമെന്ന് അബ്രഹാം, യിസഹാക്ക്, യാക്കോബ് എന്ന നിന്റെ പിതാക്കന്മാരോട് സത്യം ചെയ്ത ദേശത്തേക്ക് നിന്നെ കൊണ്ടുചെന്ന് നീ പണിയാത്ത വലുതും, നല്ലതുമായ പട്ടണങ്ങളും, നീ നിറെക്കാതെ സകല സമ്പത്തും നിറഞ്ഞിരിക്കുന്ന വീടുകളും നീ കുഴിക്കാത്ത കിണറുകളും, നീ നട്ടുണ്ടാക്കാത്ത മുന്തിരിത്തോട്ടങ്ങളും, ഒലിവുതോട്ടങ്ങളും നിനക്ക് തരികയും നീ തിന്ന് തൃപ്തി പ്രാപിക്കയും ചെയ്യുമ്പോൾ നിന്നെ അടിമവീടായ മിസ്രയീം ദേശത്തുനിന്ന് കൊണ്ടുവന്ന യഹോവയെ മറക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾക'

# Welcome to Rev. Fr. Benny Abraham
# New Vicar





നമ്മുടെ പള്ളിയുടെ പുതിയ വികാരിയായി നിയമിതനായ ബഹുമാനപ്പെട്ട ബെന്നി അച്ചൻ ഫെബ്രുവരി മാസം പന്ത്രണ്ടാം തീയതി രാത്രി പന്ത്രണ്ടു മണിയോടെ ഗൾഫ് എയർ വിമാനത്തിൽ മുഹറക്ക് വിമാനത്താവളത്തിൽ എത്തിച്ചേർന്നു. അച്ചനെ സ്വീകരിക്കുവാൻ ഇപ്പോഴത്തെ വികാരി തോമസ് നെടിയപാലക്കൽ അച്ചനോടൊപ്പം ഒരു പറ്റം ഇടവകക്കാരും, മാനേജിംഗ് കമ്മറ്റി അംഗങ്ങളും അവിടെ സന്നിഹിതരായിരുന്നു. എയർപോർട്ടിൽ വച്ച് ബെന്നി അച്ചനെ ബൊക്കെ നൽകി തോമസ് അച്ചൻ വരവേററു. തുടർന്ന് പള്ളിയിലെത്തിയ അച്ചനെ യുവജനസഖ്യം പ്രവർത്തകരും ബൊക്കെ നൽകി സ്വീകരിച്ചു. തുടർന്ന് പള്ളിയിൽ വച്ച് നടത്തിയ പ്രാർത്ഥനയ്ക്കു ശേഷം എല്ലാവരും പിരിഞ്ഞു.

# യാത്രയയപ്പും വരവേൽപ്പും

ഫെബ്രുവരി 17: നമ്മെ രണ്ടു വർഷം ദൈവവേലയിൽ ശുശ്രൂഷിച്ച ബഹുമാനപ്പെട്ട തോമസ് നെടിയപാലയ്ക്കൽ അച്ചനു സ്നേഹോഷ്മളമായ യാത്രയയപ്പും, അടുത്ത രണ്ടു വർഷക്കാലം നമ്മുടെ ഇടവകയെ ദൈവത്തിങ്കലേക്ക് നയിക്കുവാൻ പുതിയ വികാരിയായി ചുമതല ഏറ്റെടുത്ത ബഹുമാനപ്പെട്ട ബെന്നി അച്ചനു ഊഷ്മളമായ വരവേൽപ്പും നൽകുവാൻ ചേർന്ന യോഗത്തിൽ വൈസ് പ്രസിഡണ്ട് ശ്രീ. കെ. എം. കുര്യൻ അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത യോഗത്തിൽ വിശിഷ്ടാതിഥിയായി ഇൻഡ്യൻ എംബസ്സി ഫസ്റ്റ് സെക്രട്ടറി ശ്രീ. നിർമൽ കുമാർ ചൗധരിയും, സഹോദരീ സഭകളിലെ വികാരിമാരും ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു. ഇടവകയുടെ സ്നേഹോപകാരം ബഹുമാനപ്പെട്ട തോമസ് അച്ചനു ട്രഷറർ ശ്രീ. ജോർജ്ജ് തോമസും, മെമന്റോ ശ്രീ. കെ. എം. കുര്യനും നൽകുകയുണ്ടായി. ശ്രീ. ജയ്സൺ കെ, സണ്ടേസ്കൂളിനു വേണ്ടി ശ്രീ. പോൾ വർഗ്ഗീസ്, ശുശ്രൂഷക്കാരെ പ്രത്നിധീകരിച്ച് ശ്രീ. ബിജു തേലപ്പിള്ളി, യൂത്ത് അസോസിയേഷനെ പ്രതിനിധീകരിച്ച് ശ്രീ. അലൻ ജോർജ്ജ്, സോഷ്യൽ സർവ്വീസ് ലീഗിനെ പ്രതിനിധീകരിച്ച് ശ്രീ. പൗലോസ് എം. കെ, വനിതാസമാജത്തിന്റെ പ്രതിനിധിയായി ശ്രീമതി ബേബി സാം, സദസ്സിൽ നിന്നും ശ്രീ. ജേക്കബ് റ്റി.വി. എന്നിവരും ആശംസകൾ അർപ്പിച്ചു. ഏയ്ഞ്ചൽ ആൻ ജോഷ്വാ, നമിത ആർ. ജോൺ, ഷാരോൺ പോൾ ആലുക്കാ, അലീന ഏലിയാസ് എന്നിവർ ഗാനങ്ങൾ ആലപിച്ച് സദസ്സിനെ ആനന്ദിപ്പിച്ചു, ആബേൽ രെജാൻ വർഗ്ഗീസ് മനോഹരമായ ഒരു കഥ അവതരിപ്പിച്ചു. സെക്രട്ടറി ഷെവലിയാർ തോമസ് ഏബ്രഹാം സ്വാഗത പ്രസംഗവും, ജോയിന്റ് സെക്രട്ടറി ശ്രീ. ബെന്നി റ്റി. ജേക്കബ് നന്ദി പ്രകാശനവും നടത്തി.

**ചില ദൃശ്യങ്ങൾ:**

















പ്രാർത്ഥനയോടെ യോഗം സമംഗളം പര്യവസാനിച്ചു തുടർന്ന് എല്ലാവർക്കും വിഭവസമൃദ്ധമായ ഉച്ചഭക്ഷണവും നൽകി.

# ക്വിസ്സ് നമ്പർ 1 (ഉത്തരങ്ങൾ)

1. ഹനാനിയും, ഹനന്യാവെയും (7: 1  2)
2. എന്റെ ദൈവമേ, ഇത് എനിക്കു നന്മയ്ക്കായി ഓർക്കണമെ 13: 31
3. കരുണ, ദീർഘക്ഷമ, ദയാസമൃദ്ധി 9: 17
4. നോവദ്യ 6: 14
5. സൻബല്ലത്ത് 4: 1
6. സ്വർഗ്ഗത്തിലെ ദൈവത്തോട് പ്രാർത്ഥിച്ചു 2: 5
7. ഇരുപതാം ആണ്ടു മുതൽ മുപ്പത്തിരണ്ടാം ആണ്ടുവരെ (പന്ത്രണ്ടു സംവൽസരം) 5: 14
8. ശല്ലൂൻ 3: 15
9. തോബീയാവ് 13: 4
10. 8: 14 അല്ലെങ്കിൽ യഹോവ മോശ മുഖാന്തരം കൽപിച്ച ന്യായപ്രമാണത്തിൽ
11. മഹാപുരോഹിതനായ എല്യാശീബും അവന്റെ സഹോദരന്മാരായ പുരോഹിതന്മാരും (3: 1)
12. അബ്രാഹാം 9: 7
13. ആസാഫ് (2: 8)
14. അഹരോന്യനായൊരു പുരോഹിതൻ (10: 38)
15. പെഥഹ്യാവ് (11: 24)

**WINNERS**

Aleyamma Thomas
Aneena Mary Abraham
Anju Paulose
Beena Mathew
Bindu Anson
Bisy Eby
Christy Mariam Reji
Ebi Biju
Elsy Abraham
Jaimol Saji
Jean Sara Agith
Jeepa Shaj
Jessy Biju
Jibi Mathew
Jismol Jayan
Joji Susan Mani
Laly Chandy Joshua
Lissy Sunil
Mercy Abraham
Merin Mary Basil
Moly Baby
Prince P. Thomas
Rini (*Full Name please*)
Sezil Baby
Shaiby Baby
Sheela Manoj
Shelby Jacob
Shiny Binu
Sini Jijo
Sini Saji
Susy Prince
Zibi Benny

*Congratulations!!*

*Entreat me not to leave you
or to return from following you;
for where you go I will go,
and where you lodge I will lodge;
your people shall be my people,
and your God my God*

*Ruth 1:16*

# ക്വിസ്സ് നമ്പർ 2 (എസ്രാ)

1. ഏതു പാർസി രാജാവിന്റെ വാഴ്ചയുടെ രണ്ടാം ആണ്ടുവരെയാണ് യെരുശലേമിലെ ദൈവാലയിത്തിന്റെ പണി മുടങ്ങിക്കിടന്നത്?
2. എസ്രായയുടെ പുസ്തകം ആരംഭിക്കുന്നത് ഏതു പ്രവാചകന്റെ പേരോടു കൂടിയാണ്?
3. ആരുടെ അറയിൽ ചെന്നാണ് എസ്രാ ഭക്ഷണം കഴിക്കാതെ രാപാർത്തത്?
4. വഹ്ളിയുടെ പുത്രന്മാരിൽ ശേരബ്യാവിനെ എങ്ങനെയുള്ള പുരുഷൻ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്?
5. തങ്ങളുടെ ഭാര്യമാരെ ഉപേക്ഷിക്കാമെന്ന് കൈ അടിച്ച പുരോഹിതപുത്രന്മാർ ആരെല്ലാം?
6. ദൈവത്തിന്റെ ന്യായപ്രമാണവും, രാജാവിന്റെ ന്യായപ്രമാണവും അനുസരിക്കാത്തവർക്ക് അർത്ഥഹ്ശഷ്ടാ കൽപിച്ച വിധി എന്തെല്ലാം?
7. പാർസി രാജാവായ കോരെശിന്റെ കൽപനപ്രകാരം എവിടെ നിന്നുമാണ് ദേവദാരു കടൽ വഴി കൊണ്ടു വന്നത്?
8. ബാബേലിൽ നിന്നും യാത്ര തിരിച്ച എസ്രാ എത്ര നാൾ കൊണ്ടാണ് യെരുശലേമിൽ എത്തിയത്?
9. എസ്രാ ഉപവാസം പ്രസിദ്ധപ്പെടുത്തിയത് ഏത് ആററിന്റെ അരികെ വെച്ചാണ്?
10. നെബൂഖദ്നേസർ അപഹരിച്ചു കൊണ്ടുപോയി ക്ഷേത്രത്തിൽ വെച്ചിരുന്ന ഉപകരണങ്ങൾ ആരു മുഖാന്തരമാണ് കോരെശ് പുറത്തേക്ക് എടുപ്പിച്ചത്?
11. സെരൂബ്ബാബേലിന്റെ നേതൃത്വത്തിൽ യെരുശലേം ദൈവാലയപണി പൂർത്തീകരിച്ചതെന്നാണ്?
12. യെരുശലേം ദേവാലയം നശിപ്പിച്ചു ജനത്തെ ബാബേലിലേക്കു കൊണ്ടു പോയ ബാബേൽ രാജാവ്?
13. ബിശ്ലാലും, മിത്രെദാത്തും താബെയേലും അർത്ഥഹ്ശഷ്ടാ രാജാവിന് ഏതു ഭാഷയിലാണ് പത്രിക എഴുതിയത്?
14. എത്ര വയസ്സിനു മേലോട്ടു പ്രായമുള്ള ലേവ്യരെയാണ് യഹോവയുടെ ആലയത്തിന്റെ പണി നടത്തുവാൻ നിയമിച്ചത്?
15. ഏതെല്ലാം പ്രവാചകന്മാരുടെ ആഹ്വാനപ്രകാരമാണ് മുടങ്ങിക്കിടന്ന യെരുശലേം ദേവാലയത്തിന്റെ പണി പുനരരാംഭിച്ചത്?


**നിങ്ങളുടെ ഉത്തരങ്ങൾ മാർച്ച് 22 നു മുമ്പായി ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുവാൻ ഓർക്കുക. അതിനു ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.**

**ബൈബിൾ ക്വിസ്സിനു എല്ലാ മാസവും വിജയികളാകുന്നവരുടെ പേരുകൾ വർഷാവസാനത്തിൽ നറുക്കിട്ട്, നറുക്കു വീഴുന്ന മൂന്നു പേർക്കു മാത്രം സമ്മാനങ്ങൾ നൽകുന്നതായിരിക്കും**

***ഉഷ അച്ചൻകുഞ്ഞ്***



# Are you Bible Literate?
# Bible Crossword # 3 (March 2012 )






Leela Alexander

**ACROSS**

**1** Which king wanted to see miracles when the arrested Jesus was sent to him?

**5** Which king of the Amalekites was captured by Saul and cut into pieces by Samuel?

**8** Which king of Hazor organized an alliance against Joshua?

**9** Which king of Tyre sent cedar logs and craftsmen to King David?

**12** Which Philistine king did David seek refuge with when he fled from Saul?

**13** Which Hebrew captive interpreted the dreams of the Egyptian pharaoh?

**14** Which king of Sidon gave his daughter Jezebel as a wife to Ahab?

**15** Which king of Israel was murdered while he was drunk?

**DOWN**

**2** Which shepherd boy, the youngest of eight sons was annointed by Samuel in front of his brothers?

**3** Which king of Bashan was famous for having an enormous iron bed?

**4** Which king of Salem was also a priest of the most high God?

**6** Which king of Gerar took Sarah away from Abraham?

**7** Which king hosted a banquet where a phantom hand left a message on the palace wall?

**10** Which Egyptian king gave refuge to Jeroboam when he fled from Solomon?


**11** Which military man captured 31 kings?

This is the third in the series of Bible crossword puzzles for 2012. All the clues are about **famous kings** mentioned in the Bible**.** Solve the crossword. A few references are given. Use them if necessary. Please submit your answers in the box kept next to the door of the church within 7 days after the release of the newsletter.

**This contest is open to Sunday school students of 4th Std and above only**. The winners' names will be published in the church newsletter. The annual award is given only to Sunday School students. You may also send the answers to me by email. My email address is **ocalex@batelco.com.bh, ocalexleela@gmail.com**

**Useful references: Daniel 5, 1 Kings 16, 1 Kings 11, Genesis 14, Genesis 20, Genesis 41, 1Kings 16, Deuteronomy 3, Joshua 11, Joshua 12, 1 Samuel 15, 1 Samuel 16, 1 Samuel 21, 2 Samuel 5, Luke 23**

**ANSWERS TO FEBRUARY BIBLE CROSSWORD**




## Important Notice

Please be informed that Crossword prizes will be given only to those children studying in Sunday School Classes IV and above (other children can participate, but will not be entitled for the Annual Prize)

**Winners of Bible Crossword - February 2012**

Acsah Elizabeth Abraham
Aibel Rejan Varghese
Akhil Basil Paulose
Akhil C. Sunil
Amal C. Sunil
Aneena Mary Abraham
Aneena Mary Abraham
Anju Paulose
Ann Jeepa Shaj
Ashley Shaju
Athira Sabu
Chithira Sabu
Christin Paul
Christy Mary Thomas
Dan Abraham
Dan Abraham
Elaine Agith
Erwin Mary Mathew
Flemy P. Eby
George K Laji
Jeeba C. Biju
Jibu Joseph Biju
Johann Agith
Joshin Joseph
Kamal Baby Paul
Kripa Susan Thomas
Lian Gijo
Mahal Mani Ulahannan
Manuvel Benny
Merin Mary Basil
Merlin Mary Basil
Milan Mani Mathew
Mohit Raju John
Namita Raju John
Samuel Benny
Sara Laji
Sarah Santosh
Sebene Scaria
Serene Scaria
Sharon Paul
Sherin Susan Isaac
Shruti Ann Isaac
Sian Gijo
Sneha Elsa Kuruvilla
Sofia C. Paul
Sonu Daniel Sam
Tania Rachel Anson
Thomas Sabu
Tinu Daniel Sam

Congratulations!

# BLOOD DONATION CAMPAIGN

***"It's in your blood to help save a life"***

A blood donation campaign was undertaken by our Church on Friday the 24th February 2012 at the Salmaniya Hospital Blood Bank. More than 60 male and female members from our Church voluntarily participated in this noble cause. Authorities at the Salmaniya Hospital Blood Bank very much appreciated this noble gesture by our Church. Love for fellow human and a desire to share something of oneself is the underlying force that drives us to undertake this campaign year after year.

Seen in the picture below are the donors and volunteers flanked by the Vicar Fr. Benny Abraham and Fr.Thomas Nediapalackal and members of the Managing Committee at the Salmaniya Blood Bank.









# SPECIAL CLASS & PRAYER
# CBSE CLASS X & XII BOARD EXAMS


The Church organised a special class and prayer for students who are appearing for CBSE Board exams of Class X & XII on Friday, 24th February 2012, from 5.30 pm to 6.30 pm. Vicar Fr. Benny Abraham led the prayer and Mrs. Priya Laji took the class for the children. In her class, she had given special tips for the students on how to study and prepare for the Board exam and what precautions they should take to avoid panic in the last minute. Parents of the students also attended the programme.

Vicar Fr. Benny concluded the class by quoting the Bible Verse 'James 1: 5' – " If any of you lacks wisdom, he should ask God, who gives generously to all without finding fault, and it will be given to him.

Dear Children, We wish you all the Very Best
Study well, leave the rest to God, He will not leave you unattended.
Work hard,
May God Bless you All.







# Moses

## God Frees His People



**All are invited to send their articles, stories, Birthday Greetings, Wedding Anniversary Greetings, For Favours Received, etc. for publishing in our monthly Bulletin.**



When Moses got to Egypt, he and his brother Aaron went to the Pharaoh and told him that God had said to let the Hebrew slaves go. But Pharaoh refused.



God told Moses to stretch his staff out over the Nile River and when he did, the water turned to blood and all the fish died.



Still the Pharaoh wouldn't let the slaves go. Moses went to the Pharaoh many times. And every time he refused, God caused another plague to fall on Egypt. Frogs and bugs covered the land, the livestock became sick and died, hail and fire struck the earth, locusts ate all the plants; but still Pharaoh's heart was hard.



Then the Lord told Moses that one more plague would be sent. He said that the firstborn in every house would die. But He said that He would pass over any house that had placed lamb's blood around their door. Moses told the Hebrews to do this.



That night the Lord took the first-born of every house but He passed over those that had the blood of the lamb around their door. The next day Pharaoh told Moses to take his people and leave Egypt.



The Hebrew people packed up and left. And the Lord required that every year from then on, that day was to be remembered in the Feast of the Passover, for the time that the Lord brought His people out of Egypt and out of slavery.

*(adapted from Exodus 8-13)*

# 2012 – LIST OF AREA CO-ORDINATORS (MALE & FEMALE)

**1. BETHEL (Sugaiya/ New Zinj)**





**PRASANTH PAUL** **SIGI LAL**

**2. THABORE (Salmaniya, Salmaniya Ave,Pepsi,Psychiatry, Gudaibiya**





**BABY PAUL** **BINDU SHAJI**

**3. HEBRON (Sh. Hamad Road, Sh.Salman Square)**





**JAISON P.** **USHA ACHANKUNJ**

**4. BETHSAIDA (Manama, Inside Manama, Lulu Road, Naim)**





**SABU PAULOSE** **BINDU ANSON**

**5. JERUSALEM (Adliya, Juffair, Zinj, Mahooz, Um Al Hassam)**





**Vinod V.Johnson** **Jeepa Shaj**

**6. SION (Sanabis, Jidhafs, Saar, Budaiya, Hamad Town)**





**Reji Varghese** **Jeeja Alex**

**7. BETHANY (Gufool, Khamees, Salhiya, Sehla)**



George Ealias



Shelby Jacob

**8. HERMON (Tubli, Jidhafs, IsaTown, Salmabad)**



Saju Cherian



Kunjumol Mathew

**9. NAZRETH (Riffa, Buquwara)**



Roy T.Thomas



Lali Chandi Joshua

**10. JOPPA (Muharraq, Exhibition Road, Hoora)**



Crisostum Joseph



Usha Thampi

**11. BETHELHEM (Salmaniya, Around Church**



Thomas Mathai



Aliyamma Thomas

**12. CANA (Awal Square, Ras Ruman, Gudaibiya**



Lijo N.Joy



Mary Kurien




**BASIL JACOB (B 101)**, Wife: LUCKY
Mobile: 39657093
Area: Adliya
Area Unit:

In Bahrain: Flat No. 22, Bldg. 180, Qudaibiyah 326
In India: Kilinal House, Kombanad P.O., Krariyely, Ernakulam, Kerala
Tel.: 0484-2847139
Home Parish: St. Mary's Church, Krariyely
Diocese: Angamaly



**PAULSON JOSE (P 028)**
Mobile: 33147906
Area: Juffair
Area Unit:

In Bahrain: Flat No. 4, Bldg. 692, Road 4112, Juffair 341
In India: Kanakkammavukudy House, Chundakuzhy P.O., Mudakuzha, Anakal, Ernakulam, Tel: 09496 742357
Home Parish: Mor Kouma Church, Vengoor
Diocese Angamaly





**SUJESH GEORGE (S 123)**, Wife: SUSY E. PAULOSE, Son: CHRISTY SUJESH,
Mobile: 39967524, Area: Gudaibiya
Area Unit:

In Bahrain: Flat 310, Bldg. 165, Road 705, Central Manama 307
In India: Thundiyil House, Kumarakom P.O., Kottayam, Kerala

Home Parish: St. John's Attamangalam, Kumarakom
Diocese: Kottayam

**MARTHAMARIYAM VANITHASAMAJAM CO-ORDINATOR FOR THE YEAR 2012**

## MRS. BABY SAM



Congratulations and Best wishes

**SUNDAY SCHOOL BALASAMAJAM JOINT SECRETARY FOR THE YEAR 2012**

## CHRISTIN PAUL



Congratulations and Best wishes

# Retreat Concludes at Manarcadu Pally



**MANARCAD:** The 3 day retreat conducted under the Auspices of Manarcadu Pally concluded on Feb 25th, Saturday. The Retreat was led with the spiritual guidance of HG Mor Philoxenos Zacharias. The Patriarchal Delegate Very Rev Mathews Ramban Karimpanackal as well as HG Mor Philoxenos Zacharias along with the Choir team from Mor Gregorian retreat Centre Thuthootty also spoke on the concluding session. Very Rev Mathews Ramban appraised the captivated audience about the testing situations for the Christians in Syria and spoke of St Mary's Divine and miraculous protection to the faithful there .Hours later Holy Oil started flowing from the Granite Cross on the western side of the Church. It has been said the fragrance is the same as that at Kattachira St Mary's Chapel.






**Inserted by**
**Ann Jeepa Shaj**
**on her 10th Birthday on**
**19th March, 2012**



**ANLIYA SAMSON**
**3rd Happy Birthday**
**16.03.2012**







**JEROME JOSEPH SHIBU**
**9th Happy Birthday**
**05.03.2012**

**Steve Anson Isaac**
**5th Happy Birthday**
**07.03.2012**



**Oommen George Kuriakose**
**11th Happy Birthday**
**21.03.2012**






**SHERIN SUSAN ISAAC**
**14th Happy Birthday**
**03.03.2012**



# CONDOLENCES



Our Member Mr. Roy Elias Karimpanathara's mother expired. We express our hearfelt sympathy to the bereaved family and pray to God Almighty to give them strength to overcome this situation.

May her Soul rest in Peace!

## NEW BORN ANNOUNCEMENT

**Baby Boy joy to Mr. Joji V. Thomas and Mrs. Sindu Joji.**

**Congratulations!!!**

## വിവാഹ മംഗളാശംസകൾ

2011 ഡിസംബർ 29 - നു വിവാഹിതരായ ശ്രീ. വർഗ്ഗീസ്കുട്ടി സ്കറിയ, അൻജു വർഗ്ഗീസ് ദമ്പതികൾക്ക് എല്ലാവിധമായ വിവാഹ മംഗളാശംസകളും നേരുന്നു.

*My Grace is Sufficient for thee ( 2 Corinthians 12:9 )*
*For those who love the Lord*
*everything works together for Good ( Romans 8: 28 )*

*The wind that blows can never kill*
*The tree God plants;*
*It blows east, it blows west.*
*The tender leaves have little rest,*
*Strikes deeper root, grows higher still,*
*Spreads greater boughs, for God's good will*
*Meets all its wants.*



## BIRTH CENTENARY CELEBRATION

Jacobite Church celebrated the birth centenary of Malankara Malpan Very Rev. Dr. Curian Corepiscopa Kaniamparambil on Saturday, 25th February 2012 at Puthencruz Patriarchal Centre. On this blessed occasion, the Patriarch of Antioch & All the East H.H. Ignatious Zakka I Iwas conferred a unique title namely "Arch Cor Episcopa" and presented the prestegious St. Ignatious Medal and Certificate to this living legend and encyclopedia of Syriac Church, its faith and language. The decoration was bestowed upon Achen by the Catholicose H.B. Baselius Thomas I, in presence of many Bishops, dignatories and Mor Chrisostum Valiya Metropolitan of Marthoma Church.

നിങ്ങളുടെയെല്ലാം ഇഷ്ടപ്രകാരം ഈ ബുള്ളററിൻ പ്രകാശനം ചെയ്യാൻ സാധിച്ചു എന്നു വിശ്വസിക്കുന്നു. തെററുകുററങ്ങൾ ദയവായി ചൂണ്ടിക്കാണിക്കുമല്ലോ! നിങ്ങളുടെ അഭിപ്രായങ്ങളും, വിമർശനങ്ങളും ഞങ്ങളെ നേരിട്ടോ എഴുതിയോ അറിയിക്കുക!!

www.getcliparts.com

GOD
ME YOU THEM
RELATIONSHIPS
FRIENDS FAMILY
PASTORS ELDERS DEACONS
BROTHERS & SISTERS IN CHRIST
TEACHING PREACHING
FAITH BIBLE
SALVATION SANCTIFICATION
PRAISE ADORATION THANKSGIVING
LOVE JOY PEACE
WORSHIP

For Circulation among Members only

Reg. No.: 70000001
P.O. Box 20417, Manama, Kingdom of Bahrain
Villa 146, Salmaniya Avenue, Opposite S.M.C. Gate No. 1
Tel.: 00973-17245432, Fax.: 00973-17251476
E-mail: stpeters@batelco.com.bh
Web: www.stpetersbahrain.org